# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5670 — 09/07/2012 -ൽ മറുപടിക്ക്

## കുട്ടികളുടെ അഭിരുചി കണ്ടെത്തലും പ്രോത്സാഹനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ഓരോ വിദ്യാർത്ഥിയുടെയും പഠന, പഠനേതര വിഷയങ്ങളിലെ പ്രത്യേക കഴിവുകൾ കണ്ടെത്തുന്നതിന് സ്കൂൾ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ; | (എ) ഓരോ വിദ്യാർത്ഥിയുടെയും വ്യക്തിഗത കഴിവുകൾ കണ്ടെത്തുന്നതിന് Continuous Evaluation നടത്തുന്നുണ്ട്. പഠനേതര വിഷയങ്ങളിലുള്ള പ്രത്യേക കഴിവുകൾ കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. |
| (ബി) നിലവിലെ വിദ്യാർത്ഥി, അദ്ധ്യാപക അനുപാതം വിദ്യാർത്ഥികളുടെ വ്യക്തിഗത നിരീക്ഷണവും വിലയിരുത്തലും നടത്തുന്നതിന് എത്രത്തോളം അനുഗുണമാണ് ; | (ബി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയുന്തോറും കുട്ടികളെ വ്യക്തിഗതമായി ശ്രദ്ധിക്കുന്നതിന് അദ്ധ്യാപകന് കൂടുതൽ സാദ്ധ്യതയുണ്ട്. |
| (സി) പ്രത്യേക കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അഭിരുചിയുള്ള വിഷയങ്ങളിൽ കൂടുതൽ അറിവു നേടാൻ സഹായിക്കുന്ന പദ്ധതികൾ വിശദമാക്കുമോ ? | (സി) പ്രത്യേക കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കാനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലില്ല. ഇത്തരം പദ്ധതികൾ ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ